# CAREER Updates
# പത്രവൃത്താന്തം

15.11.2023 (ബുധൻ)



- ➩ ഇതിഹാസ ക്രിക്കറ്റ് താരങ്ങൾക്കുള്ള അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ അംഗീകാരമായ ഹാൾ ഓഫ് ഫെയിമിൽ ഇടംപിടിച്ച ആദ്യ ഇന്ത്യൻ വനിതാ താരം
- ✔ ഡയാന എഡുൽജി
- 1976-ൽ ഇന്ത്യൻ ജഴ്സിയിൽ അരങ്ങേറിയ ഡയാന എഡുൽജി 1993-ലാണ് അവസാന അന്താരാഷ്ട്ര മത്സരം കളിച്ചത്. ഒന്നരപ്പതിറ്റാണ്ടിലേറെ ഇന്ത്യൻ വനിതാ ടീമിലെ നിറസാന്നിധ്യമായിരുന്നു ഓൾറൗണ്ടറായ ഡയാന.
- മുൻ ഇന്ത്യൻ ഓപ്പണറായ വീരേന്ദർ സേവാഗും 2023 നവംബറിൽ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ ഹാൾ ഓഫ് ഫെയിമിൽ ഇടംനേടി. 1999-നും 2013-നും ഇടയിൽ ഇന്ത്യയ്ക്കായി 104 ടെസ്റ്റുകളും 251 ഏകദിനങ്ങളും കളിച്ചിട്ടുള്ള താരമാണ് സേവാഗ്.
- ഡയാന എഡുൽജിയ്ക്കും വീരേന്ദർ സേവാഗിനുമൊപ്പം ഹാൾ ഓഫ് ഫെയിമിൽ ഇടംനേടിയ വിഖ്യാത ശ്രീലങ്കൻ ബാറ്ററാണ് അരവിന്ദ ഡിസിൽവ.

- ➩ ആലുവയിൽ പെൺകുട്ടിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിലെ പ്രതി അസ്ഫാക്കിന് വധശിക്ഷ വിധിച്ച പോക്സോ കോടതി ജഡ്ജി
- ✔ ജസ്റ്റിസ് കെ. സോമൻ
- ➩ വിനോദ സഞ്ചാര മേഖലയ്ക്ക് കരുത്തു പകരുന്നതിനായി കേരള ടൂറിസം വകുപ്പ് സ്വകാര്യ സംരംഭകരുമായി ചേർന്ന് നടപ്പിലാക്കുന്ന ഹെലി ടൂറിസം പദ്ധതിയ്ക്ക് തുടക്കം കുറിയ്ക്കുന്ന നഗരം
- ✔ കൊച്ചി
- ➩ 2023 നവംബറിൽ 42-ാമത് മെഡിസിൻ ആന്റ് ഹെൽത്ത് ഗെയിംസിന് വേദിയായ രാജ്യം
- ✔ കൊളംബിയ
- ➩ 2023 നവംബറിൽ നടന്ന ബില്ലി ജീൻ കിംഗ് ടെന്നീസ് ചാമ്പ്യൻഷിപ്പിൽ ജേതാക്കളായത്
- ✔ കാനഡ
- അന്താരാഷ്ട്ര ടെന്നീസ് ഫെഡറേഷൻ സ്ഥാപിതമായതിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് 1963-ൽ ഫെഡറേഷൻ കപ്പ് എന്ന പേരിലാണ് ബില്ലി ജീൻ കിംഗ് ടെന്നീസ് ചാമ്പ്യൻഷിപ്പിന് തുടക്കമായത്.
- ➩ 9-ാമത് ഇന്ത്യൻ-ഇന്റർനാഷണൽ സയൻസ് ഫെസ്റ്റിവല്ലിന് വേദിയായ ഇന്ത്യൻ നഗരം
- ✔ ഫരീദാബാദ് (ഹരിയാന)
- ➩ റഷ്യയിൽ നിന്നും ബാൾട്ടിക് കടലിടുക്ക് വഴി ജർമനിയിലേക്ക് പ്രകൃതിവാതകം എത്തിക്കുന്നതിനായുള്ള പദ്ധതി
- ✔ നോർഡ് സ്ട്രീം പദ്ധതി
- ➩ 2023 നവംബറിൽ ഏകദിന ലോകകപ്പിൽ ഒരു ഇന്ത്യൻ താരം നേടുന്ന ഏറ്റവും വേഗമേറിയ സെഞ്ചുറി എന്ന നേട്ടം സ്വന്തമാക്കിയത്
- ✔ കെ.എൽ. രാഹുൽ

- ➩ 2023 നവംബറിൽ അസോസിയേഷൻ ഓഫ് മ്യൂചൽ ഫണ്ട്സ് ഇൻ ഇന്ത്യയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിതനായത്
- ✔ വെങ്കട്ട് നാഗേശ്വർ ചലസാനി
- ➩ 2023 നവംബറിൽ കൗൺസിൽ ഓഫ് ഫാഷൻ ഡിസൈനേഴ്സ് ഓഫ് അമേരിക്കയുടെ ഫാഷൻ ഐക്കൺ അവാർഡ് നേടിയ വനിതാ ടെന്നീസ് താരം
- ✔ സെറീന വില്യംസ്
- ➩ അലഞ്ഞ് തിരിയുന്ന നായ്ക്കളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം നൽകണമെന്ന് 2023 നവംബറിൽ വിധി പ്രസ്താവിച്ച ഹൈക്കോടതി
- ✔ പഞ്ചാബ്-ഹരിയാന ഹൈക്കോടതി
- ➩ അടുത്ത അധ്യയന വർഷം മുതൽ സ്കൂൾ സിലബസ്സിൽ പോക്സോ നിയമത്തിന്റെ ഉള്ളടക്കങ്ങൾ ഉൾപ്പെടുത്താൻ തീരുമാനിച്ച ഇന്ത്യൻ സംസ്ഥാനം
- ✔ കേരളം
- ➩ മുതലയുമായി സാദൃശ്യമുള്ള പുരാതന ജീവിയുടെ 250 ദശലക്ഷം വർഷം പഴക്കമുള്ള ഫോസിൽ കണ്ടെത്തപ്പെട്ട ഇന്ത്യൻ സംസ്ഥാനം
- ✔ ബംഗാൾ
- ➩ 18-നും 25-നും ഇടയിൽ പ്രായമുള്ളവരെ ക്രിമിനൽ പ്രവർത്തനങ്ങളിൽ നിന്ന് തടയുക എന്ന ലക്ഷ്യത്തോടെ 2023 നവംബറിൽ തൃശൂർ നഗരത്തിൽ തുടക്കം കുറിച്ച പദ്ധതി
- ✔ റീച്ച്
- ➩ 2023 നവംബറിൽ മണ്ണിടിച്ചിലിനെ തുടർന്ന് നിർമ്മാണത്തിലുണ്ടായിരുന്ന തുരങ്കം തകർന്ന് 40-ഓളം തൊഴിലാളികൾ കുടുങ്ങിയത് ഏത് സംസ്ഥാനത്താണ്?
- ✔ ഉത്തരാഖണ്ഡ്

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999